**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1159** **18-09-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ പദ്ധതിയിലെ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ കരാറുകാർക്ക് നിലവിൽ എത്ര തുക കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ ; | (എ) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് റോഡ് റീസ്റ്റോറേഷൻ ചാർജ്, മറ്റ് വകുപ്പുകൾ, ഏജൻസികൾ തുടങ്ങിയവയ്ക്ക് അടയ്ക്കുവാനുള്ള തുക ഉൾപ്പെടെ ആകെ 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതൽ 2025 ആഗസ്റ്റ് വരെ) കുടിശ്ശിക നല്കുവാനുണ്ട്. |
| (ബി) | കരാറുകാർക്ക് യഥാസമയം തുക നൽകുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; കുടിശ്ശിക പൂർണ്ണമായും എന്നത്തേക്ക് വിതരണം ചെയ്യുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ ? | (ബി) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ കേന്ദ്ര സർക്കാരും കേരള സർക്കാരും ചേർന്ന് 50:50 എന്ന അനുപാതത്തിലാണ് ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഫണ്ട് ലഭ്യമാക്കുന്നത്. ഇരു ഗവൺമെന്റിൽ നിന്നും ഫണ്ട് സ്വരൂപിച്ച് ജൽ ജീവൻ മിഷൻ മാർഗരേഖ അനുസരിച്ചും കരാറുകാരുടെ ബില്ലുകളുടെ സീനിയോറിറ്റി അനുസരിച്ചും കരാറുകാർക്ക് ഫണ്ട് വിതരണം ചെയ്യുന്നതായിരിക്കും.<br><br>പദ്ധതിയുടെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി ജല അതോറിറ്റിക്ക് നബാർഡിൽ നിന്നും വായ്പ്പ എടുക്കുവാൻ 15/09/2025 ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ